**Athmaraksha.org**

ജപമാല

## മാതാവിന്റെ രക്തക്കണ്ണുനീർ ജപമാല-Rosary




## മാതാവിന്റെ രക്തക്കണ്ണുനീർ ജപമാല

(പ്രചരിപ്പിക്കുന്നവരിലും ചൊല്ലുന്നവരിലും നിന്ന് പിശാച് തോറ്റ് ഓടിമറയുന്നു)

ക്രൂശിതനായ എന്റെ ഈശോയെ, അങ്ങേ തൃപ്പാദങ്ങളിൽ സാഷ്ടാംഗംവീണ കരുണാർദ്രമായ സ്നേഹത്തോടെ, കാൽവരിയിലേക്കുള്ള വേദന നിറഞ്ഞ യാത്രയിൽ അങ്ങേ അനുഗമിച്ച പരി.അമ്മയുടെ രക്തക്കണ്ണുനീരിനെ ഞങ്ങൾ അങ്ങേയ്ക്ക് സമർപ്പിക്കുന്നു. നല്ലവനായ കർത്താവേ, പരി.അമ്മയുടെ രക്തം കലർന്ന കണ്ണുനീർത്തുള്ളികൾ തരുന്ന സന്ദേശം ശരിക്കു മനസ്സിലാക്കുന്നതിനും അങ്ങനെ ഞങ്ങൾ ഇഹത്തിൽ അങ്ങയുടെ തിരുമനസ്സ് നിറവേറ്റിക്കൊണ്ട് സ്വർഗ്ഗത്തിൽ അമ്മയോടൊത്ത് നിത്യമായി അങ്ങയെ വാഴ്ത്തി സ്തുതിക്കുന്നതിനും യോഗ്യരാക്കുന്നതിനുവേണ്ട അനുഗ്രഹം ഞങ്ങൾക്ക് നൽകണമേ, ആമ്മേൻ.

(ജപമാലയുടെ വലിയ മണികളിൽ)

ഓ! ഈശോയെ, ഈ ലോകത്തിൽ അങ്ങയെ അധികമായി സ്നേഹിക്കുകയും സ്വർഗത്തിൽ അങ്ങയെ ഏറ്റം ഗാഢമായി സ്നേഹിച്ച് അങ്ങയോടൊത്ത് വാഴുകയും ചെയ്യുന്ന പരി.അമ്മയുടെ രക്തക്കണ്ണുനീർ കണങ്ങളെ അങ്ങു കരുണയോടെ വീക്ഷിക്കണമേ. (1 പ്രാവശ്യം)
(ജപമാലയുടെ ചെറിയ മണികളിൽ)
സ്നേഹം നിറഞ്ഞ ഈശോയെ! അങ്ങയുടെ പരി.അമ്മ ചിന്തിയ രക്തക്കണ്ണുനീരിനെക്കുറിച്ച് ഞങ്ങളുടെ യാചനകൾ കേൾക്കണമേ. (7 പ്രാവശ്യം)
വീണ്ടും-ഓ ഈശോയെ.............(1 പ്രാവശ്യം)
സ്നേഹം നിറഞ്ഞ..........(7 പ്രാവശ്യം)
ഇങ്ങനെ 7 പ്രാവശ്യം ആവർത്തിക്കുക.

### ജപമാല സമർപ്പണ പ്രാർത്ഥന

ഓ! മറിയമേ, വ്യാകുലവും, കരുണയും സ്നേഹവും നിറഞ്ഞ അമ്മേ ഞങ്ങളുടെ എളിയ യാചനകളെ അങ്ങയുടെ പ്രാർത്ഥനയോടു ചേർത്ത് അങ്ങയുടെ പ്രിയപുത്രന് കാഴ്ചവയ്ക്കണമേ, അങ്ങു ഞങ്ങൾക്കായി ചിന്തിയ

രക്തക്കണ്ണുനീർക്കണങ്ങളെക്കുറിച്ച് ഈ...(ആവശ്യം പറയുക) അങ്ങയുടെ എല്ലാവരെയും നിത്യഭാഗത്തിൽ ചേർക്കുകയും ചെയ്യണമേ. ഓ! മറിയമേ! അങ്ങയുടെ രക്തക്കണ്ണുനീരാൽ പിശാചിന്റെ മരണത്തെ തകർക്കണമേയെന്നും ഞങ്ങളെപ്രതി ബന്ധിതമായ ഈശോയുടെ തൃക്കരങ്ങളാൽ പിശാചിന്റെ ഭരണത്തെ തകർക്കണമേയെന്നും ഞങ്ങളെപ്രതി ബന്ധിതമായ ഈശോയുടെ തൃക്കരങ്ങളാൽ സകല തിൻമകളിലും നിന്നും ലോകത്തെ കാത്തുരക്ഷിക്കണമേയെന്നും ഞങ്ങൾ പ്രാർത്ഥിക്കുന്നു. ആമ്മേൻ.

+++